**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1950** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൃഗങ്ങളിലെ ക്ഷയരോഗ ബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങൾ ക്ഷയരോഗം ബാധിച്ച് മരണപ്പെട്ടുകയുണ്ടായോ; എങ്കിൽ ആകെ എത്ര മൃഗങ്ങളാണ് ഇതിനോടകം ക്ഷയരോഗം ബാധിച്ച് മരണപ്പെട്ടതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 05.02.2020 മുതൽ തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം ബാധിച്ച് ആകെ 61 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>കൃഷ്ണമൃഗം - 39, പുള്ളിമാൻ-18, ആഫ്രിക്കൻ കാട്ടുപോത്ത് - 1, കടുവ-1, കരടി - 1, പാമ്പ് - 1 |
| (ബി) | പ്രസ്തുത മൃഗശാലയിൽ ക്ഷയരോഗം ആദ്യമായി കണ്ടെത്തിയത് എന്നാണ്; പ്രസ്തുത രോഗം സ്ഥിരീകരിച്ചത് ആരാണ്; രോഗം കണ്ടെത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 05.02.2020 മുതൽ മൃഗശാലയിൽ മരണപ്പെട്ട മൃഗങ്ങളുടെ സാമ്പിൾ പരിശോധിച്ചതിലാണ് ക്ഷയ രോഗം സ്ഥിരീകരിച്ചത്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ പരിശോധിച്ചതിൽ നിന്നാണ് ക്ഷയ രോഗബാധയുള്ളതായി സ്ഥിരീകരിച്ചത്. കാലാവസ്ഥ മാറ്റം കൊണ്ടും മൃഗങ്ങളുടെ സ്ട്രസ്സ് കാരണവും മൃഗങ്ങൾ മരണപ്പെട്ടപ്പോൾ ആന്തരികാവയവങ്ങളുടെ സാമ്പിളുകൾ പരിശോധിച്ചതിലാണ് മരണകാരണം കണ്ടെത്തിയത്. |
| (സി) | മൃഗശാലയിലെ മൃഗങ്ങൾക്ക് പതിവായി മെഡിക്കൽ പരിശോധനകൾ നടത്താറുണ്ടോ; മെഡിക്കൽ പരിശോധനകൾ എപ്പോഴൊക്കെയാണ് നടത്തുന്നതെന്നും എന്തൊക്കെ പരിശോധനകളാണ് പതിവായി നടത്താറുള്ളതെന്നും വിശദമാക്കുമോ; | (സി) | മൃഗശാലയിലെ മൃഗങ്ങളെ ദിവസേന നിരീക്ഷിച്ച് മെഡിക്കൽ പരിശോധന നടത്തി വരുന്നു. മൃഗങ്ങളുടെ ആരോഗ്യാവസ്ഥ, അജീർണ്ണം, മലമൂത്രങ്ങളിൽ പ്രത്യക്ഷത്തിലൂടെ വരുന്ന വ്യത്യാസങ്ങൾ, വിരബാധ, അസുഖ ബാധിതരായ മൃഗങ്ങളുടെ രക്ത പരിശോധന എന്നിവയാണ് നടത്തി വരുന്നത്. |
| (ഡി) | തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോഴും സന്ദർശകരെ അനുവദിക്കുന്നുണ്ടോ; സംസ്ഥാനത്ത് മറ്റേതെങ്കിലും മൃഗശാലകളിൽ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | സന്ദർശനം അനുവദിച്ച് വരുന്നുണ്ട്. സംസ്ഥാനത്തുള്ള മറ്റു മൃഗശാലകളിൽ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | പ്രസ്തുത രോഗം മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുന്ന തരത്തിലുള്ളതാണോയെന്നും ഇത് | (ഇ) | പ്രസ്തുത രോഗം മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരാൻ സാധ്യതയുള്ള രോഗാണുവാണെന്ന |

| | | | |
|---|---|---|---|
| | സംബന്ധിച്ച് ശാസ്ത്രീമായ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | | കാര്യം PCR വഴി സ്ഥിരീകരിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത രോഗം മൃഗശാല ജീവനക്കാരിലേക്കും മറ്റ് സന്ദർശകരിലേക്കും പടരാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | മൃഗശാലയിലെ ജീവനക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് ഗംബൂട്ട്, ഗ്ലൗസ്സ്, മാസ്ക്, എന്നിവ വിതരണം ചെയ്യുകയും അവ കൃത്യമായും ധരിച്ചു മാത്രമേ ജോലിചെയ്യാവൂ എന്ന് നിർദ്ദേശിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. മൃഗശാലയിലെ മൃഗങ്ങളുമായി അടുത്ത് പെരുമാറാനുള്ള സാഹചര്യം സന്ദർശകർക്കില്ല. ടി സാഹചര്യം ഒഴിവാക്കുന്നതിനുള്ള സ്റ്റാൻഡ് ഓഫ് ബാരിയർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഒപ്പം മൃഗശാലാ സന്ദർശകർക്ക് മുഖാവരണം നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ